# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6621 12.07.2012 ൽ മറുപടിയ്ക്ക്

**വാഹനങ്ങളിലെ നയിം ബോർഡുകൾ**

| ചോദ്യം<br>ശ്രീ. ബെന്നി ബെഹനാൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ എന്നിവയുടെ വാഹനങ്ങളിൽ വകുപ്പുതല ബോർഡുകൾ ഉപയോഗിക്കുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ നിലവിലുണ്ടോ; | (എ) | ഉണ്ട്. 25.02.1994-ലെ സർക്കുലർ നം.5280/എം2/94/പി.ഡബ്ല്യു & റ്റി പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളുടെയോ, ബോർഡുകളുടെയോ ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ മുൻവശത്തായി പൊതുമേഖലാ യൂണിറ്റിന്റെ/ബോർഡിന്റെ പേര് സൂചിപ്പിക്കുന്നതും, ദീർഘചതുരാകൃതിയിലുള്ളതുമായ ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ് എന്നും ഇത്തരത്തിലുള്ള ബോർഡിൽ സ്ഥാപനത്തിന്റെ പേരിന് താഴെയായി "A State Government undertaking" എന്നു കൂടി എഴുതിയിരിക്കണമെന്നും പൊതുമേഖലാ യൂണിറ്റുകളുടെ/ബോർഡുകളുടെ വാഹനങ്ങളുടെ പുറകിലായി വൃത്താകൃതിയിലുള്ളതും, പൂർണ്ണമായോ അല്ലെങ്കിൽ ചുരുക്ക രൂപത്തിലോ കമ്പനിയുടെ പേര് സൂചിപ്പിക്കുന്നതുമായ ബോർഡ് പ്രദർശിപ്പിക്കാവുന്നതാണെന്നും മേൽ പറഞ്ഞ രണ്ട് ബോർഡുകളുടെയും പശ്ചാത്തലം ഇളം നീല നിറവും, അക്ഷരങ്ങൾ കറുപ്പുമായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 25.2.1994 ലെ ടി സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് 25.10.1997 ലെ 35519/ബി2/95/ഗതാ എന്ന സർക്കുലർ പ്രകാരം വീണ്ടും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ചില കോർപ്പറേഷനുകൾ ഇപ്രകാരം ചെയ്യാതെ ബന്ധപ്പെട്ട വകുപ്പുകളുടെ ബോർഡുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) നിയമാനുസൃതമല്ലാത്ത ബോർഡുകൾ, കളറുകൾ എന്നിവ ഉപയോഗിക്കുന്നത് തടയുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ